**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6810** **11-07-2024 - ൽ മറുപടിയ്ക്ക്**

**മൗലാനാ യാക്കൂബ് മെമ്മോറിയൽ മുസ്ലിം ഓർഫനേജിന്റെ രജിസ്ട്രേഷൻ പുതുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ മൗലാനാ യാക്കൂബ് മെമ്മോറിയൽ മുസ്ലിം ഓർഫനേജ് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് നൽകിയിട്ടുള്ള അപേക്ഷയിൽ (ജെ.2/303)നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറയാമോ? | (എ) | 1860 -ലെ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം കോഴിക്കോട് ജില്ലയിലെ നാദാപുരത്ത് 141/1977 നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള മൗലാനാ യാക്കൂബ് മെമ്മോറിയൽ മുസ്ലിം ഓർഫനേജ് കമ്മിറ്റിയുടെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംഘം സെക്രട്ടറി സമർപ്പിച്ച 05/12/2023 തീയതിയിലെ അപേക്ഷയിന്മേൽ ജെ2/303/2023/ നി.വ നമ്പർ ഫയലിൽ 01/01/2024 തീയതിയിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നതാണ്. ആയതിന് 05/07/2024 തീയതിയിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ